(13) ഗുരുവായൂർ ദേവസ്വം നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളോട് അനീതികാണിച്ചതായി ആക്ഷേപം

ശ്രീ. കെ.പി. അരവിന്ദാക്ഷൻ: സർ, ഗുരുവായൂർ ദേവസ്വം രേണസമിതി വീട്ടുജോലിക്ക് ആളുകളെ നിശ്ചയിക്കുന്നതുപോലെയാണ് എല്ലാ ചട്ടങ്ങളും മറികടന്നുകൊണ്ട് ദേവസ്വത്തിലേക്ക് നിയമനം നടത്തുന്നത്. അതിൽ ഏറ്റവും അവസാനം നടന്ന ഒരു സംഭവം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. 5–8–1985 ബി. 1–603016/85 നോട്ടീസ് പ്രകാരം ക്ലാർക്കുമാരുടെ നിയമനത്തിനുവേണ്ടി അപേക്ഷ ക്ഷണിച്ചു. അപേക്ഷകരെ നേരത്തെ അറിയിക്കാതെ നോട്ടീസ് ബോർഡിലെ ഏറ്റവും അപ്രധാനമായ ഒരു സ്ഥലത്ത് 23–ാം തീയതി ഇൻറർവ്യൂവെന്ന് നോട്ടീസ് ഇട്ടു. എങ്കിലും കേട്ടറിഞ്ഞ് ആയിരക്കണക്കിനു അപേക്ഷകർ ഇൻറർവ്യൂവിനെത്തി. മുഴുവൻ അപേക്ഷകരും അറിഞ്ഞില്ല. അവർ എത്തിയ അവസരത്തിൽ ദേവസ്വം സത്രം ഹാളിൽ അവിടത്തെ ബോർഡ് ചെയർമാൻ എല്ലാവരേയും വിളിച്ചുകൂട്ടി ഒരു പ്രഖ്യാപനം നടത്തി. 'ഇന്ന് ഇൻറർവ്യൂ ഇല്ല. 1–9–ൽ ദേവസ്വം ഹൈസ്കൂളിൽ വച്ച് എഴുത്തു പരീക്ഷ നടത്തും.' 1–9 പലർക്കും ബാങ്കിൻറെ ഒരു ടെസ്റ്റ് നടക്കുന്ന ദിവസമായിരുന്നു. എങ്കിലും ബാങ്കിൻറെ ടെസ്റ്റ് ഒഴിവാക്കി ദേവസ്വത്തിലേക്കുള്ള എഴുത്തു പരീക്ഷ എഴുതി. 1–9–ൽ ആയിരത്തിലധികം ഉദ്യോഗാർത്ഥികൾ എഴുത്തു പരീക്ഷക്കിരുന്നു. അതിൻറെ പരീക്ഷാപേപ്പർപോലും നോക്കാതെ പിറേറ ദിവസം രണ്ടാം തീയതിതന്നെ 26 പേരെ നേരിട്ട് ഇൻറർവ്യൂ നടത്തി. 4–ാം തീയതി നിയമനവും നടത്തി. അതിനുശേഷം ആയിരത്തിലധികം ടെസ്റ്റ് എഴുതിയ ഉദ്യോഗാർത്ഥികളെ അവിടെ വരുത്തി ഇൻറർവ്യൂ നടത്തി അവരെ കഷ്ടപ്പെടുത്തി അയച്ചു. ഇത്രയും ഹീനമായി ഉദ്യോഗാർത്ഥികളെ പരിഹാസ്യരാക്കുന്ന, ക്രൂരമായ ഈ സമ്പ്രദായത്തിനെതിരെ കർശനമായ നടപടി വേണം. ആരെ നിയമിച്ചുവെന്നതിന് എനിക്ക് വിരോധമില്ല. ഏതു രാഷ്ട്രീയപാർട്ടിയുടേയും ആളുകളെ നിയമിച്ചുകൊള്ളട്ടെ. കോൺഗ്രസ്സ് (ഐ) യുടെ ആഫീസായിട്ടാണ് ഗുരുവായൂർ ദേവസ്വംബോർഡ് ഇപ്പോഴും പ്രവർത്തിക്കുന്നത്. പക്ഷേ നാട്ടുകാരെ ഇങ്ങനെ ദ്രോഹിക്കാത്ത രീതിയിൽ, ചട്ടങ്ങളും മറികടക്കാതെ നിയമനങ്ങളും നടത്തുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഗുരുവായൂർ ദേവസ്വത്തിൽ നിയമനം നടത്താനുള്ള പൂർണ്ണമായ അധികാരം മാനേജിംഗ് കമ്മിറ്റിക്കാണ്. 1983–ലെ ഗുരുവായൂർ ദേവസ്വം എംപ്ലോയീസ് റഗുലേഷൻ എന്നൊരു നിയമപ്രകാരമാണ് നിയമനം നടത്തുന്നത്. ഗവൺമെൻറിന് അതിൽ യാതൊരധികാരവുമില്ല. നമുക്കതിൻറെ ലിസ്റ്റൊന്നും തരില്ല. പക്ഷേ ഏതെങ്കിലുംപ്രത്യേക പരാതികളും കിട്ടുകയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്. അതിന് 1978–ലെ ആക്ടിലെ 33–ാം സെക്ഷൻ പ്രകാരം ഫയൽ വിളിപ്പിക്കാനുള്ള ഒരു പ്രൊവിഷനുണ്ട്. നിയമനത്തെ സംബന്ധിച്ചുള്ള പൂർണ്ണമായ അധികാരം കമ്മിറ്റിക്കാണ്. ആരെങ്കിലും പരാതി തരികയാണെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly